# Deepika

# 28 August 2018

# Kochi: Flood Relief



## ക്യാമ്പുകളിൽ ഇനി 27,077 പേർ

**കൊച്ചി:** ജില്ലയിൽ പ്രളയ ദുരിതബാധിതർ താമസിച്ചിരുന്ന ക്യാമ്പുകളിൽനിന്ന് ഇനി മടങ്ങാനുള്ളത് 27,077 പേർ. വിവിധ താലൂക്കുകളിലെ 62 ക്യാമ്പുകളിലായി 7,529 കുടുംബങ്ങളിൽനിന്നുള്ളവരാണ് ഇപ്പോഴും ക്യാമ്പുകളിൽ കഴിയുന്നത്. ഇതിൽ 4,727 പേർ കുട്ടികളാണ്. പൂർണമായോ ഭാഗികമായോ വീട് നഷ്ടപ്പെട്ടവരാണ് ഇവരിലേറെയും. വീട് പുനർനിർമിക്കേണ്ട സാഹചര്യമുള്ളതിനാൽ മടങ്ങിയെത്തിയാലും കയറിക്കിടക്കാൻ സാഹചര്യമില്ലാത്തതാണ് ഇവരെ ക്യാമ്പുകളിൽതന്നെ തുടരാൻ നിർബന്ധിതരാക്കുന്നത്. പ്രളയത്തിൽ ഇവരുടെ വീട്ടുപകരണങ്ങളെല്ലാം പൂർണമായി നശിച്ചുപോയി.

ഓണാവധിക്കുശേഷം സ്കൂൾ തുറക്കുമ്പോൾ ക്യാമ്പുകളിലെ കുട്ടികൾക്കു പോകാൻ കഴിയുമോ എന്ന ആശങ്കയുമുണ്ട്. ഇന്നലെ മാത്രം 47,196 പേരാണു ക്യാമ്പുകളിൽനിന്നു മടങ്ങി. പറവൂർ താലൂക്കിലെ ക്യാമ്പുകളിൽനിന്ന് 36,966 പേരും ആലുവയിൽനിന്ന് 8140 പേരും കണയന്നൂർ താലൂക്കിലെ ക്യാമ്പുകളിൽനിന്ന് 2,090 പേരുമാണ് ഇന്നലെ വീടുകളിലേക്കു മടങ്ങിയത്. പറവൂരിൽ 46 ക്യാമ്പുകളിലായി 6,231 കുടുംബങ്ങളിലെ 22,251 പേർ ഇപ്പോഴും ക്യാമ്പുകളിലുണ്ട്.

ആലുവയിൽ 14 ക്യാമ്പുകളിലായി 1,276 കുടുംബങ്ങളിൽനിന്നുള്ള 4,760 പേരുണ്ട്. കണയന്നൂർ താലൂക്കിൽ രണ്ട് ക്യാമ്പുകളിലായി 22 കുടുംബങ്ങളിലെ 66 പേരുമുണ്ട്. ക്യാമ്പുകളിലല്ലാതെ നിരവധി പേർ ഇപ്പോഴും ബന്ധുക്കളുടെ വീടുകളിലും ആശ്രയം തേടിയിട്ടുണ്ട്.